ദേശാഭിമാനി
25 August 2017

# കേന്ദ്ര കർഷക പദ്ധതി പ്രഖ്യാപനം

**കൊച്ചി >** കർഷകർക്കായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച കർമ പരിപാടിയുടെ ജില്ലാതല പ്രഖ്യാപനവും വിശദീകരണവും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) കെ വി തോമസ് എംപി ഉദ്ഘാടനംചെയ്തു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ അധ്യക്ഷനായി. ഡോ. ഷിനോജ് സുബ്രമണ്യൻ, ഡോ. എൻ അശ്വതി എന്നിവർ സംസാരിച്ചു.

കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതിന് അഞ്ചുവർഷത്തിനുള്ളിൽ ഇടനിലക്കാരെ ഒഴിവാക്കിയുള്ള ഓൺലൈൻ വിപണന സംവിധാനങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് പരിപാടിയിൽ നിർദേശമുയർന്നു.

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) അസിസ്റ്റന്റ് ഡയറക്ടർ ജനറൽ ഡോ. പ്രവീൺ പുത്ര പദ്ധതി പ്രഖ്യാപനവും വിശദീകരണവും നടത്തി. കർഷക-ശാസ്ത്രജ്ഞ മുഖാമുഖവും നടന്നു.